**File No.DMA2/1004/2020-DMD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് -19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം- മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.964/2020/DMD** തീയതി, തിരുവനന്തപുരം, 10/12/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.814/2020/ഡി.എം.ഡി തീയതി 14.10.2020.

2 18.11.2020 തീയതിയിലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

**<u>ഉത്തരവ്</u>**

കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടേയും, പൊതു മേഖലാ സ്ഥാപനങ്ങളുടേയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും, മറ്റ് സർക്കാർ സ്ഥാപനങ്ങളുടേയും പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടേയും, സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ ഗുരുതര രോഗം ബാധിച്ച കുട്ടികളുള്ള രക്ഷിതാക്കളായ ജീവനക്കാരെയും, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്കും/ വിധേയമാകാൻ പോകുന്നവരെയും 'വർക്ക് ഫ്രം ഹോം' മുഖേന ജോലി ചെയ്യാൻ അനുവദിക്കേണ്ടതാണ്. ഇവർക്ക് 'വർക്ക് ഫ്രം ഹോം' മുഖേന ജോലി ചെയ്യുവാനുള്ള സൗകര്യം ലഭ്യമല്ലെങ്കിൽ ഇത്തരക്കാരുടെ കാര്യത്തിൽ വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചും സാഹചര്യങ്ങൾ വിലയിരുത്തിയും ബന്ധപ്പെട്ട മേലധികാരികൾക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.
2. ഒരു മാസത്തിന് മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാവാൻ പോകുന്നവരുമായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്കും, ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്നവർക്കും 'വർക്ക് ഫ്രം ഹോം' മുഖേന ജോലി ചെയ്യുവാനുള്ള സൗകര്യം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവന്മാർക്കും

File No.DMA2/1004/2020-DMD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം

എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :-

ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ